പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2267 08.12.2015-ൽ മറുപടിയ്ക്ക്

## ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ട്രാൻസ്ഫോർമറുകളുടെ പുന:സ്ഥാപനം.

ചോദ്യം

ശ്രീ. ജി. എസ്. ജയലാൽ :

(എ) ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ ചാത്തന്നൂർ-പരവൂർ റോഡ് ഉൾപ്പെടെയുള്ള വിവിധ റോഡുകളുടെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ വഴിയാത്രക്കാർ, വാഹനങ്ങളിലെ യാത്രക്കാർ എന്നിവർക്ക് ജീവഹാനി സംഭവിക്കാൻ ഉതകുന്ന അവസ്ഥയിൽ സ്ഥിതി ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം നൽകുമോ ;

(ബി) പ്രസ്തുത ട്രാൻസ്ഫോർമറുകൾ അപകടം വരാത്തവിധം സ്ഥാപിക്കുവാൻ കെ. എസ്. ഇ. ബി. സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) & (ബി) ചാത്തന്നൂർ-പരവൂർ പി.ഡബ്ല്യൂ.ഡി. റോഡ് , വീതി കൂട്ടിയതിനെ തുടർന്ന് നേരത്തെ റോഡിൽ നിന്ന് മാറി വശങ്ങളിൽ സ്ഥിതി ചെയ്തിരുന്ന പല പോസ്റ്റുകളും പുതുതായി നിർമ്മിച്ച റോഡിന്റെ ഭാഗത്ത് വരുന്ന സ്ഥിതി വന്നു. റോഡ് നിർമ്മാണം പിന്നീട് നടന്നതായതിനാൽ, നിലവിലുള്ള നിയമപ്രകാരം പോസ്റ്റുകളും ലൈനുകളും മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് പൊതുമരാമത്ത് വകുപ്പാണ് വഹിക്കേണ്ടതെന്ന് കെ.എസ്.ഇ.ബി. എൽ അറിയിച്ചെങ്കിലും ഇതിന് പ്രസ്തുത വകുപ്പ് തയ്യാറായിട്ടില്ല.

ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ റോഡുകളുടെ വശങ്ങളിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകളിൽ ചിലത് റോഡിനോട് ചേർന്നതാണെങ്കിലും ഫെൻസിംഗ് ഉള്ളതിനാൽ വഴിയാത്രക്കാർ, വാഹനങ്ങളിലെ യാത്രക്കാർ എന്നിവർക്ക് അപകടം സംഭവിക്കാവുന്ന അവസ്ഥയിലല്ല. പരവൂർ സെക്ഷനിലെ തെക്കുംഭാഗത്ത് ഒരു ട്രാൻസ്ഫോർമറിൽ ഡ്രൈവിംഗ് പിഴവുമൂലം ഒരു ബൈക്ക് ഇടിച്ച് അപകടം ഉണ്ടായതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.